**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 484**

**26.04.2017 - ൽ മറുപടിക്ക്.**

## വ്യവസായ മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് പുതിയ പദ്ധതികൾ

ചോദ്യം
സർവ്വശ്രീ. കെ.സി ജോസഫ്,
എ.പി. അനിൽകുമാർ,
ഷാഫി പറമ്പിൽ,
കെ. മുരളീധരൻ.

മറുപടി
**ശ്രീ. എ. സി. മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).**

(എ) സംസ്ഥാനത്തെ വ്യവസായ മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

എ) : സംസ്ഥാനത്തെ വ്യവസായ മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ താഴെ സൂചിപ്പിക്കുന്നു.

സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യവുമായി സംരംഭകത്വ സഹായ പദ്ധതി നടപ്പിലാക്കി വരുന്നു. ചില വ്യവസായങ്ങളെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി സംരംഭകത്വ സഹായ പദ്ധതി വഴി അവയ്ക്ക് അധിക സാമ്പത്തിക സഹായം നൽകി വരുന്നു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പരിപാടി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡവലപ്പ്മെന്റ് പ്രോഗ്രാം, സൂക്ഷ്മ -ചെറുകിട-ഇടത്തരം സംരംഭകരുടെ ഉത്പന്ന വിപണന മേളകൾ തുടങ്ങിയ പരിപാടികൾ നടത്തുന്നുണ്ട്. സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ വഴി ധനസഹായം നൽകി വരുന്നു.

(ബി) എതെല്ലാം വ്യവസായ മേഖലകളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വിശദീകരിക്കുമോ ;

(ബി) : സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലകൾ.

(സി) പദ്ധതി നടത്തിപ്പിനുള്ള ധനം എങ്ങനെ സമാഹരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വിശദികരിക്കുമോ ;

(സി) : സംസ്ഥാന ബജറ്റിൽ വിവിധ പദ്ധതികളിലായി ഇതിനായി തുക വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.